"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - കാസർഗോഡ് ജില്ലയിൽ കസബ മുനിസിപ്പാലിറ്റിയിലെ 36-ാം വാർഡിൽ 155-ാം നമ്പർ വീട്ടിൽ വനിതാ—ഹരീഷൻ ദമ്പതികളുടെ പോറ്റിവളർത്തൽ സംരക്ഷണയിൽ കഴിയവേ മരണപ്പെട്ട ശ്രീഹരിയുടെ ചികിത്സയ്ക്കായി ചെലവായ ₹84,535/- രൂപ ബാലനിധിയിൽ നിന്നും അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.146/2026/WCDD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.730/2017/സാനീവ തീയതി 01-11-2017

2. 06-10-2025 തീയതിയിലെ വനിത ശിശു വികസന ഡയറക്ടറുടെ DWCD/4772/2025-ICPS 4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിൽ കസബ മുനിസിപ്പാലിറ്റിയിലെ 36-ാം വാർഡിൽ 155-ാം നമ്പർ വീട്ടിൽ മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന വനിതാ—ഹരീഷൻ ദമ്പതികളുടെ പോറ്റിവളർത്തൽ സംരക്ഷണത്തിൽ കഴിഞ്ഞിരുന്ന 80 ശതമാനം ഭിന്നശേഷി (Global Developmental Delay) വിഭാഗത്തിൽപ്പെടുന്ന ശ്രീഹരി എന്ന കുട്ടിയുടെ ഫോസ്റ്റർ കെയറിൽ നിന്നും അഡോപ്ഷനിലേക്കുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കെ കുട്ടി മരണപ്പെട്ട സാഹചര്യത്തിൽ, കുട്ടിയുടെ ചികിത്സയുമായി ബന്ധപ്പെട്ട് കുടുംബത്തിന് സാമ്പത്തിക ബാധ്യതയുണ്ടായതിനാൽ ചികിത്സാചെലവായ ₹84,535/- 'ബാലനിധി'യിൽ നിന്നും അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നതിന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിതാ—ഹരീഷൻ ദമ്പതികളുടെ പോറ്റിവളർത്തൽ സംരക്ഷണത്തിൽ കഴിഞ്ഞിരുന്ന 80 ശതമാനം ഭിന്നശേഷി (Global Developmental Delay) വിഭാഗത്തിൽപ്പെടുന്ന ശ്രീഹരിയെ ഫോസ്റ്റർ കെയറിൽ നിന്നും അഡോപ്ഷനിലേക്കു മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ

പുരോഗമിക്കവെ കുട്ടി മരണപ്പെട്ട സാഹചര്യത്തിൽ, കുട്ടിയുടെ ചികിത്സയ്ക്കായി ചെലവായ ₹84,535/- (എൺപത്തിനാലായിരത്തി അഞ്ഞൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) കുട്ടിയുടെ ഫോസ്റ്റർ രക്ഷിതാക്കൾക്ക് 'ബാലനിധി'യിൽ നിന്നും അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ/എ&ഇ), തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
സെക്ഷൻ ഓഫീസർ
Date: 13-03-2026 12:58:13